സംസാരത്തിന്റെ ഒഴുക്കിനെ ബാധിക്കുന്ന വൈകല്യമാണ് ക്ലട്ടറിങ്ങ് ഡിസോർഡർ (Cluttering Disorder). ഇത്കൂടാതെ ശ്രദ്ധക്കുറവ് ഉച്ചാരണ തകരാറുകൾ,സംസാര ഭാഷ മനസിലാക്കുന്നതിനും ശരിയായി ഉപയോഗിക്കുന്നതിനുമുള്ള ബുദ്ധിമുട്ട് എന്നിവയും ഇതിന്റെ ലക്ഷണങ്ങളാണ്.

### 9. ക്ലട്ടറിങ്ങ് ഡിസോർഡറും (Cluttering Disorder) വിക്കും തമ്മിലുള്ള വ്യത്യാസം എന്താണ്?

- വളരെയധികം വേഗതയിലുള്ള സംസാരം.
- സംസാരത്തിലെ അമിതമായ ആവർത്തനങ്ങളും നീട്ടലുകളും.
- വേഗത കുറച്ച്സംസാരിക്കാനുള്ള തുടർച്ചയായ നിർദേശങ്ങൾക്ക് ശേഷവും അതിന്സാധിക്കാതെ വരിക.
- തന്റെ സംസാര തകരാറിനെപറ്റിയുള്ള അവബോധമില്ലായ്മ.
- വായിക്കാനും എഴുത്തുമുള്ള ബുദ്ധിമുട്ട്.
- ക്ലട്ടറിങ്ങ്ഡി സോർഡർ ഉള്ള ഒരു വ്യക്തിയുടെ സംസാരം മനസ്സിലാക്കാൻ മറ്റുള്ളവർക് ബുദ്ധിമുട്ട് അനുഭവപ്പെടും.

### 10.ഫ്ലുവൻസി ഡിസോർഡർ ഉണ്ടേങ്കില് ആരെയാണ് സമീപിക്കേണ്ടത്?

എത്രയും പെട്ടെന്ന് ഒരു സ്പീച് ലാംഗ്വേജ് പാത്തോളജിസ്റ്റിന്റെ (സംസാര ഭാഷാവിദഗ്ദ്ധന്റെ) സഹായം തേടുക.

### 11. ഇത് ചികിത്സിച്ച് ഭേദമാക്കാനാകുമോ?


സ്പീച് ലാംഗ്വേജ് പാത്തോളജിസ്റ്റിന്റെ ഉപദേശപ്രകാരം തീവ്രവും കൃത്യവുമായ ചികിത്സകൊണ്ട് (സ്പീച് തെറാപ്പി) മിക്ക ഫ്ലുവൻസി ഡിസോഡറുകളും ചികിത്സിച്ച് ഭേദമാക്കാനാകും

### 12.കുടുംബാംഗങ്ങൾക്കും പൊതുജനങ്ങൾക്കും എങ്ങനെ സഹായിക്കാനാകും?

- പരിഹസിക്കുകയോ അനുകരിക്കുകയോ ചെയ്യാതിരിക്കുക
- അവർക് പിരിമുറുക്കമുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക
- പിന്തുണ നൽകുക
- അവർ പറയുന്നത് ക്ഷമയോടെ കേൾക്കുക
- അമിതമായി തിരുത്താതിരിക്കാൻ ശ്രദ്ധിക്കുക
- അവരുടെ ആത്മവിശ്വാസം മെച്ചപ്പെടുത്താൻ ശ്രമിക്കുക

കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക:


ഡിപ്പാർട്ട്മെന്റ് ഓഫ് പി.ഓ.സി.ഡി
ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്
മാനസഗംഗോത്രി, മൈസൂർ – 570006
ഫോൺ നമ്പർ: 0821-2502575/2502703/2502000
ഇമെയിൽ –director@aiishmysore.in
വെബ്സൈറ്റ്: aiishmysore.in
പ്രവർത്തി ദിവസങ്ങൾ :തിങ്കൾ മുതൽ വെള്ളി വരെ(9AM-5.30PM)
(കേന്ദ്രസർക്കാർ അവധി ദിവസങ്ങൾ ഒഴികെ)

# ഫ്ലുവൻസി ഡിസോഡറുകൾ


ഡിപ്പാർട്ട്മെന്റ് ഓഫ് പി.ഓ.സി.ഡി
ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്
മാനസഗംഗോത്രി, മൈസൂർ – 570006
ഫോൺ നമ്പർ: 0821-2502575/2502703/2502000
ഇമെയിൽ –director@aiishmysore.in
വെബ്സൈറ്റ്: aiishmysore.in
പ്രവർത്തി ദിവസങ്ങൾ :തിങ്കൾ മുതൽ വെള്ളി വരെ(9AM-5.30PM)
(കേന്ദ്രസർക്കാർ അവധി ദിവസങ്ങൾ ഒഴികെ)

## 1.എന്താണ് സുഗമമായ (ഫ്ലുവന്റ്) സംസാരം?

അനായാസമായുള്ള സംസാരത്തെയാണ് സുഗമമായ (ഫ്ലുവന്റ്) സംസാരം എന്നു വിശേഷിപ്പിക്കുന്നത്. ഇങ്ങനെ ഉള്ള സംസാരത്തിന് ഉണ്ടാകുന്ന ഏതൊരു പ്രശ്നവും ഫ്ലുവൻസി ഡിസോഡറുകളിലേക്ക് നയിച്ചേയ്ക്കാം..

## 2.ഫ്ലുവൻസി ഡിസോഡറുകളുടെ കാരണങ്ങൾ എന്തെല്ലാം?

- കുടുംബത്തിൽ വിക്കുള്ള പാരമ്പര്യം
- രക്ഷകർത്താക്കളുടെ അമിതപ്രതീക്ഷകള്
- വിക്കുള്ള അയൽക്കാരുടെയോ സുഹൃത്തുക്കളുടെയോ സ്വാധീനം
- ചെറിയ മസ്തിഷ്ക്കക്ഷതം
- വളർച്ചാ ഘട്ടങ്ങളിൽ ഉണ്ടാകുന്ന കാലതാമസം

## 3.വിവിധ തരം ഫ്ലുവൻസി സിഡിസോഡറുകൾ ഏതെല്ലാം?

- വിക്ക്(Stuttering)
- ക്ലട്ടറിങ്ങ് ഡിസോർഡർ (Cluttering Disorder)
- നാഡീ സംബന്ധമായ വിക്ക് (Neurogenic Stuttering)

## 4.എന്താണ് വിക്ക്?

അക്ഷരങ്ങളുടെയോ വാക്കുകളുടെയോ വാക്യങ്ങളുടെയോ ആവർത്തനം മൂലം സംസാരത്തിന്റെ ഒഴുക്ക് നഷ്ടപ്പെടുന്നതിനെയാണ് വിക്ക് എന്നു പറയുന്നത്.ഇത് കൂടുതലായും 2 മുതൽ 5 വയസു വരെ ഉള്ള കുട്ടികളിൽ കാണപ്പെടുന്നു.

## 5.വിക്കിന്റെ ലക്ഷണങ്ങള് എന്തെല്ലാം?

- അക്ഷരങ്ങളുടെ തുടർച്ചയായ ആവർത്തനം (എ..........എ.......എ എന്റെ പേ.....പേ........ര്..)
- അക്ഷരങ്ങൾ വലിച്ചു നീട്ടുക അല്ലെങ്കിൽ ദീർഘമാക്കുക (മമമമമ..........മ്മീ എനിക്ക് ഐസ്ക്രിം വേണം)
- സംസാരത്തിനിടയ്ക്ക് അധികമായി ശരി, ഉം, ഓ പോലുള്ള വാക്കുകളോ ശബ്ദങ്ങളോ ഉപയോഗിക്കുക
- ക്രമമല്ലാത്ത സംസാര തോത്, വേഗത
- അപരിചിതരോടോ ആൾക്കൂട്ടത്തിലോ സംസാരിക്കാൻ വിസമ്മതിക്കുകയോ ഒഴിവാകുകയോ ചെയ്യുക
- ചില അക്ഷരങ്ങൾ ഉച്ചരിക്കുന്നതില് ഭയം
- അനാവശ്യവും അമിതവുമായ മുഖഭാവങ്ങളും ശരീരചലനങ്ങളും (സംസാരത്തിനിടയിൽ കണ്ണ് ചിമ്മുക, പുരികം ഉയർത്തുക)
- വ്യക്തികൾക്കോ സാഹചര്യങ്ങൾക്കോ അനുസരിച്ചു വിക്കിന്റെ തോത് കൂടുകയും കുറയുകയും ചെയുന്നു

## 6. എന്താണ് ന്യൂറോളജിക്കൽ സ്റ്റട്ടറിങ് (Neurogenic Stuttering))?

അപകടത്തെ തുടർന്നോ മസ്തിഷ്ക്കത്തിനുണ്ടായ ക്ഷതത്തെ തുടർന്നോ ഉണ്ടാകുന്ന വിക്കുപോലുള്ള ഫ്ലുവെൻസി തകരാറുകളെയാണ് ന്യൂറോളജിക്കൽ സ്റ്റട്ടറിങ് എന്ന് വിളിക്കുന്നത്. സ്ത്രീകളെ അപേക്ഷിച്ച് ഇത് പുരുഷന്മാരിൽ ആണ് കൂടുതൽ കാണപ്പെടുന്നത്. സാധാരണയായി ഇത് അഫേസിയ ഡിസാർത്രിയ മുതലായ അവസ്ഥകളോടൊപ്പമാണ് ഉണ്ടാകാറുള്ളത്.

## 7. ന്യൂറോളജിക്കൽ സ്റ്റട്ടറിങ്ങും (Neurogenic Stuttering) വിക്കും എങ്ങനെ വ്യത്യസ്തമാകുന്നു?

നാഡീസംബന്ധമായ (ന്യൂറോജെനിക്) വിക്കുള്ളവർ സാധാരണയായി താഴെപ്പറയുന്ന ഭാവരീതികൾ കാണിക്കും

- വാക്കുകളുടെ അവസാനം വരുന്ന അക്ഷരങ്ങളുടെ ആവർത്തനമോ വലിച്ചുനീട്ടലോ
- സംസാര തകരാറിനെപ്പറ്റിയുള്ള ഉത്കണ്ഠയില്ലായ്മ
- വിക്കിനോട് അനുബന്ധിച്ചു ഉണ്ടാകുന്ന തലയുടെയോ ശരീരഭാഗങ്ങളുടെയോ അനാവശ്യചലനങ്ങളുടെ അഭാവം.
- വ്യക്തികൾക്കോ സാഹചര്യങ്ങൾക്കോ അനുസരിച്ച വിക്കു മാറുന്നില്ല.

## 8.വളരെയധികം വേഗതയിൽ (അസ്പഷ്ടമായി) സംസാരിക്കുന്ന വ്യക്തിയെ നിങ്ങൾ എന്തുവിളിക്കും?

വേഗത കൂടിയ സംസാരം, ക്രമമല്ലാത്ത സംസാര നിരക്ക്, സംസാരത്തിലെ തടസ്സങ്ങൾ, അക്ഷരങ്ങൾ, വാക്കുകൾ എന്നിവയുടെ അധികമായ ആവർത്തനം, ചില അക്ഷരങ്ങളുടെ വലിച്ചു നീട്ടല് എന്നിവ